# ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ

(2020 നവംബർ 5 തീയതിയിലെ ജി.ഓ.(എം.എസ്.)
നമ്പർ 214/2020 /ആഭ്യന്തരം പ്രകാരം)

കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് ബിൽഡിംഗ്,
രണ്ടാം നില, പനമ്പിള്ളി നഗർ, എറണാകുളം - 682036.

## വിജ്ഞാപനം

നമ്പർ: 2/JBKCCM/2021 തിയതി : 22-06-2021.

കേരള സർക്കാർ 1952-ലെ അന്വേഷണ കമ്മീഷൻ നിയമം (കേന്ദ്ര നിയമം 60/1952) മൂന്നാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച 2020 നവംബർ മാസം അഞ്ചാം തീയതിയിലെ ഉത്തരവ് ജി.ഓ.(എം.എസ്.) നമ്പർ 214/2020/ആഭ്യന്തരം പ്രകാരം ജസ്റ്റിസ് ജെ.ബി.കോശി (പാറ്റ്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ്) ചെയർമാനായും ഡോ.ക്രിസ്റ്റി ഫെർണാണ്ടസ്, ഐ.എ.എസ്. (റിട്ടയേർഡ്), ശ്രീ ജേക്കബ് പുന്നൂസ്, ഐ.പി.എസ്. (റിട്ടയേർഡ്) എന്നിവർ അംഗങ്ങളായും പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം അതായത് ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് വസ്തുനിഷ്ഠമായി കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിരിക്കുന്നു. 9-2-2021 തീയതിയിലെ ഉത്തരവ് ജി.ഓ.(എം.എസ്.) നമ്പർ 32/2021/ആഭ്യന്തരം പ്രകാരം കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്:

### എ. വിദ്യാഭ്യാസം

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ

വിവേചനം അവർ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ? അത് എങ്ങിനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? അവ എങ്ങിനെ പരിഹരിക്കാം?

## ബി. സാമ്പത്തികം

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ? അവർ ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ?
2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കു കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?
3. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തരമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

## സി.ക്ഷേമം

1. ക്രിസ്തുമതത്തിൽപെട്ട മൽസ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്കു പ്രത്യേകമായ ക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദലിത് വിഭാഗങ്ങളിൽ നിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ ഉദ്യോഗ തലങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പ് വരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമ സംബന്ധമായ സഹായം അർഹിക്കുന്നു?

അന്വേഷണവിധേയമായ കാര്യങ്ങളിൽ അറിവും താല്പര്യവും ഉള്ളവരും ഔദ്യോഗികമോ അനൗദ്യോഗികമോ ആയ വ്യക്തികളോ അവ സംബന്ധിച്ച് ഫലപ്രദമായ തെളിവ് നൽകാൻ കഴിവുള്ളവരുമായ വ്യക്തികളും സംഘടനകളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും സ്ഥാപനങ്ങളും സംഘങ്ങളും അതുമായി ബന്ധപ്പെട്ടുള്ള സത്യവാങ്മൂലമോ, പത്രികയോ നിർദ്ദേശങ്ങളോ വിശദാംശങ്ങൾ സഹിതം 30-07-2021 തിയതി 5 മണിക്കകം അന്വേഷണ കമ്മീഷൻ സെക്രട്ടറിക്ക് കിട്ടത്തക്കവിധം ഫോൺ നമ്പർ സഹിതം വിജ്ഞാപനത്തിൽ കാണിച്ചിട്ടുള്ള വിലാസത്തിൽ തപാലിലോ ഇ-മെയിലിലോ അയയ്ക്കുകയോ അല്ലെങ്കിൽ ടി ഓഫിസ് വിലാസത്തിൽ കമ്മീഷൻ സെക്രട്ടറി മുൻപാകെ നേരിട്ട് നൽകുകയോ ചെയ്യാവുന്നതാണ്.

കമ്മീഷന്റെ അന്വേഷണ നടപടികളിൽ കക്ഷി ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളും സംഘടനകളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും സ്ഥാപനങ്ങളും സംഘടനകളും അതിനായി 30-07-2021 തീയതി 5 മണിക്കുള്ളിൽ നേരിട്ടോ അഭിഭാഷകർ/അധികാരപ്പെടുത്തിയ ഏജന്റ് മുഖേനയോ കമ്മീഷൻ മുൻപാകെ അപേക്ഷിക്കേണ്ടതാണ്.

സത്യവാങ്മൂലം, പത്രിക, നിർദ്ദേശങ്ങൾ എന്നിവ നൽകുന്ന വ്യക്തികൾ അതോടൊപ്പം അവർ ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖയുടെ കഴിയുന്നതും അസലൊ ശരി പകർപ്പോ ഹാജരാക്കേണ്ടതാണ്. ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖ ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ കൈവശമാണെങ്കിൽ അത്തരത്തിലുള്ള കൈവശക്കാരന്റെ പേരും വിലാസവും കാണിച്ചിരിക്കണം.

1952-ലെ കമ്മീഷൻ നിയമം വകുപ്പ് 5 പ്രകാരം കമ്മീഷൻ മുൻപാകെ തെളിവ് നല്കുന്നതിനിടയിൽ ഒരു വ്യക്തി നടത്തുന്ന പ്രസ്താവന, ആ പ്രസ്താവന അസത്യമാണെങ്കിൽ അതിനെതിരെ ഉണ്ടാകാവുന്ന പ്രോസിക്യൂഷൻ ഒഴികെ അയാളെ മറ്റേതെങ്കിലും സിവിലോ ക്രിമിനലോ

ആയ നടപടികൾക്ക് വിധേയമാക്കുകയോ അയാൾക്കെതിരെ ഉപയോഗിക്കുകയോ ചെയ്യുന്നതല്ല. എന്നാൽ ആ പ്രസ്താവന (എ) കമ്മീഷൻ ഉത്തരം നൽകാൻ ബാദ്ധ്യസ്ഥമായ ഒരു ചോദ്യത്തിന് മറുപടിയായി നല്കിയതായിരിക്കണം. (ബി) ആയത് അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടതായിരിക്കണം.

കമ്മീഷൻ മുൻപാകെ സത്യവാങ്മൂലവും പത്രികയും നിർദ്ദേശങ്ങളും നൽകിയിട്ടുള്ള വ്യക്തികളെ കമ്മീഷൻ മുൻപാകെ വിസ്തരിക്കാവുന്നതാണ്.

കമ്മീഷന്റെ സിറ്റിങ് എറണാകുളത്തും കമ്മീഷന് യുക്തമെന്നും ആവശ്യമെന്നും തോന്നുന്ന ഇതര സ്ഥലങ്ങളിലും നടത്തുന്നതാണ്. കമ്മീഷന്റെ സിറ്റിങ് സ്ഥലം, തീയതി, സമയം, സന്ദർശനവിവരങ്ങൾ എന്നിവ കാണിച്ചുള്ള അറിയിപ്പുകൾ യഥാസമയം പുറപ്പെടുവിക്കുന്നതായിരിക്കും.

കമ്മീഷൻ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ആയതിനാൽ വിഷയം സംബന്ധമായി അറിവും താല്പര്യവും ഉള്ള വ്യക്തികളും സംഘടനകളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും കൃത്യമായും വീഴ്ചകൂടാതെയും യഥാർത്ഥ വിവരങ്ങൾ നൽകി കമ്മീഷനെ സഹായിക്കുവാൻ താൽപര്യപ്പെടുന്നു.

ഉത്തരവിൻ പ്രകാരം
ഒപ്പ്
സി.വി.ഫ്രാൻസീസ്
റിട്ടയേർഡ് ഡിസ്ട്രിക്ട് ആൻറ് സെഷൻസ് ജഡ്ജി,
സെക്രട്ടറി,
ക്രിസ്ത്യൻ ന്യൂനപക്ഷ കമ്മിഷൻ.
Email: christianminoritycommission@gmail.com